പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .2623 12.02.2019 ൽ മറുപടിയ്ക്ക്

## വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

ചോദ്യം മറുപടി

| | | | |
|---|---|---|---|
| | ശ്രീ. പി.ടി. തോമസ് | | അഡ്വ .കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 5.9.2015 ലെ ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (എ) | ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 18467/02 (എസ്),ഒ.പി. നമ്പർ 1947/03 (എസ്) എന്നിവയിലെ സംയുക്ത വിധി 04.09.15 ലാണ് ഉണ്ടായിട്ടുള്ളത്. ബഹു. ഹൈക്കോടതിയുടെ വിധി അനുസരിച്ച് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന സംഗതിയിൽ വളരെ കുറഞ്ഞ രീതിയിലുള്ള പുരോഗതിയേ ഉണ്ടായിട്ടുള്ളൂ.<br>പ്രാദേശികമായ സാമൂഹിക രാഷ്ട്രീയ വിഭാഗങ്ങളുടെ ശക്തമായ എതിർപ്പുകളും കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തു നിൽപ്പും തദ്വാര ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും, വിവിധ കോടതികളിൽ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന വ്യവഹാരങ്ങളും മൂലമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ പറ്റാത്തത്. |
| (ബി) | 1977 ന് ശേഷം എത്ര ഹെക്ടർ വനഭൂമി അന്യായമായി കയ്യേറ്റക്കാർ കൈവശ പ്പെടുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് 01.01.1977 ന് ശേഷമുള്ള 7810.10 ഹെക്ടർ വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംയുക്ത പരിശോധന പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 01.01.1977 ന് ശേഷമുള്ള കയ്യേറ്റങ്ങളുടെ വിസ്തൃതി വർദ്ധിച്ച് വരാവുന്നതാണ്. |
| (സി) | വനഭൂമി കയ്യേറിയവരുടെ ചെറുത്തു നിൽപിനെ തുടർന്ന് കയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ശ്രമം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (സി) | പ്രാദേശികമായ സാമൂഹിക രാഷ്ട്രീയ വിഭാഗങ്ങളുടെ ശക്തമായ എതിർപ്പുകളും കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തു നിൽപ്പും തദ്വാര ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും, വിവിധ കോടതികളിൽ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന വ്യവഹാരങ്ങളും മൂലമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ നിന്നും താത്കാലികമായി പിന്മാറേണ്ടി വന്നിട്ടുണ്ട്. |
| (ഡി) | വിവിധ കോടതികളിൽ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ? | ഡി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ പലവിധത്തിലുള്ള അപ്പീലുകളിൽപ്പെട്ടു വരുന്നതിനാൽ ടി കേസുകൾ തീർപ്പായി കിട്ടുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. കേസുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ